HEADMASTERS' FORUM, TIRUR

# SSLC മാതൃകാ പരീക്ഷ

ഫെബ്രുവരി 2022

ദിശ 22

## കേരളപാഠാവലി

### സെറ്റ് ബി

**സമയം : ഒന്നരമണിക്കൂർ** **പരമാവധി സ്കോർ :40**

**നിർദ്ദേശങ്ങൾ**

* ചോദ്യങ്ങൾ ശ്രദ്ധയോടെ വായിച്ചു നോക്കാനും മുൻഗണനാക്രമം തീരുമാനിച്ച് മനസ്സിൽ ഉത്തരങ്ങൾ ക്രമീകരിക്കാനും ആണ് ആദ്യത്തെ 15 മിനിറ്റ് സമയം അനുവദിച്ചിട്ടുള്ളത്.
* ഭാഗം എ -യിലെ ചോദ്യങ്ങൾ ഫോക്കസ് ഏരിയയിൽ നിന്നുള്ളതും ഭാഗം ബിയിലെ ചോദ്യങ്ങൾ ഫോക്കസ് ഏരിയക്കു പുറത്തുനിന്നുള്ളതുമാണ്.
* ഉത്തരം എഴുതുമ്പോൾ സ്കോർ, സമയം, ചോയ്സ് എന്നിവ പരിഗണിക്കണം.

---

### ഭാഗം I എ

**1 മുതൽ 6 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിനു ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക. ഒരു മാർക്ക് വീതം. 4x1=4**

1. അശ്വത്ഥാമാവിന്റെ മറ്റൊരു പേര്?
   a) സൗമിത്രി
   b) വൈരസേനി
   c) ദ്രൗണി
   d) ധൃഷ്ടദ്യുമ്നൻ

2. "പോലീസുകാർ പോയി. ഴാങ് വാൽ ഴാങ് മോഹാലസ്യപ്പെടാൻ പോകുന്ന ഒരാളെപ്പോലെ കാണപ്പെട്ടു". കാരണമെന്ത്?
   a) പോലീസുകാരെ ഭയന്ന്
   b) ആഹാരം കഴിക്കാത്തതു കൊണ്ട്
   c) മെത്രാന്റെ പെരുമാറ്റം കണ്ടിട്ട്
   d) മെത്രാൻ സത്യം പറയുമോ എന്ന് ഭയന്നിട്ട്

3. സംസാരനാശിനിയായി എഴുത്തച്ഛൻ വിശേഷിപ്പിക്കുന്നതെന്തിനെ?
   a) വിദ്യ
   b) മോക്ഷം
   c) ശരീരം
   d) അവിദ്യ

4. കാമം, ക്രോധം, ലോഭം, മോഹം എന്നീ പദങ്ങൾ ചേർന്നാണ് കാമക്രോധ ലോഭമോഹാദികൾ എന്ന പദക്കൂട്ട് രൂപപ്പെട്ടത്. മാതാപിതൃഭ്രാതൃമിത്ര സഖികൾ എന്ന പദക്കൂട്ടിലെ ഘടക പദങ്ങൾ കണ്ടെത്തി എഴുതുക

5. "പ്രാണനോടുമൊരു നാൾ ഭവൽപദം
   കാണുവാൻ ചിരമഹോ കൊതിച്ചു ഞാൻ"
നളിനിയുടെ ഈ വാക്കുകളിൽ തെളിയുന്ന ഭാവമെന്ത്?

a) നിരാശ
b) സന്തോഷം
c) പ്രതീക്ഷ
d) ദുഃഖം

6. "കാരണവരേ കട്ടാൽ മതി ജയിലിലെത്തിച്ചേരാം". ഈ വാക്കുകളിൽ തെളിയുന്നതെന്ത്?

a) സങ്കടം
b) സന്തോഷം
c) പരിഹാസം
d) ദേഷ്യം.

**ബി**

**7,8,9 ചോദ്യങ്ങൾക്കെല്ലാം ശരിയായ ഉത്തരം എഴുതണം.ഒരു മാർക്ക് വീതം. 3x1=3**

7. 'അയൽ വീടുകളിൽ ഭൃത്യപ്പണി ചെയ്ത് മകനെ വളർത്തിയ വൃദ്ധമാതാവ്'. ഭൃത്യപ്പണി വിഗ്രഹിച്ചെഴുതിയാൽ

a) ഭൃത്യനും പണിയും
b) ഭൃത്യന്റെ പണി
c) ഭൃത്യയായ പണി
c) ഭൃത്യനാകുന്ന പണി

8. "നീ എന്റെ ഹൃദയത്തിനകത്താണോ നിൽക്കുന്നത്?" ദസ്തയേവ്സ്കി ഇങ്ങനെ ചോദിച്ചത് ആരോട് ?

a) ജൂലിയാനയോട്
b) അന്നയോട്
c) എമിലിയോട്
d) മിറലിനോട്

9. "വാറു പൊട്ടിയ ചെരുപ്പ് അവിടെ ഉള്ള ഒരു ചെരുപ്പു കുത്തിയെക്കൊണ്ട് നന്നാക്കിക്കാൻ പറഞ്ഞു." ഏത് പാഠത്തിൽ നിന്ന് എടുത്തിട്ടുള്ളതാണ് ഈ വരികൾ?

a) പ്രലോഭനം
b) അക്കർ മാശി
c) ആത്മാവിന്റെ വെളിപാടുകൾ
d) ഉരുളക്കിഴങ്ങ് തിന്നുന്നവർ

**ഭാഗം II എ**

**2 മാർക്ക്**

10. "അങ്ങനെ വല്ലപാടും വിജയം നേടിയ പാണ്ഡവർ സന്ധ്യയ്ക്ക് വിജയാഘോഷത്തോടെ കൂടാരങ്ങളിലേക്ക് തിരിച്ചു" - പാണ്ഡവരുടെ വിജയത്തെ വല്ലപാടും നേടിയ വിജയം എന്ന് വിശേഷിപ്പിച്ചതിന്റെ പൊരുളെന്ത്?

**ബി**

**11,12 ചോദ്യങ്ങൾക്ക് രണ്ടോ മൂന്നോവാക്യത്തിൽ ഉത്തരം എഴുതുക. 2 മാർക്ക് വീതം**

11. "അന്ന് ആ ദൂരം മുഴുവനും സന്താമായി നടന്നെത്തിയത് എന്നെയൊന്ന് കാണാൻ മാത്രമായിരുന്നു" (അക്കർമാശി)
വാക്യത്തിൽ നിന്ന് തെളിയുന്ന ശരൺകുമാർ ലിംബാളെയുടെ ജീവിതാവസ്ഥയെ രണ്ടോ മൂന്നോ വാചകത്തിൽ കുറിക്കുക

12. "നീ എന്റെ ഹൃദയത്തിനകത്താണോ നിൽക്കുന്നത്?" എന്ന് ചോദിക്കുന്ന വിസ്മയത്തോടെ ദസ്തയേവ്സ്കി അന്നയുടെ കണ്ണുകളിലേക്ക് നോക്കി
ദസ്തയേവ്സ്കിയുടെ മാനസികാവസ്ഥയെ രണ്ടോ മൂന്നോ വാക്യത്തിൽ വ്യക്തമാക്കുക

**ഭാഗം III എ**

**13 മുതൽ 16 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണത്തിന് നാലോ അഞ്ചോ വാക്യങ്ങളിൽ ഉത്തരമെഴുതുക. മൂന്ന് മാർക്ക് വീതം. 3x3=9**

13. ദിവാകരൻ നളിനിയെ തിരിച്ചറിയാതിരുന്നതിന് പറയുന്ന യുക്തികൾ എന്തെല്ലാം?

14. "സർവദമനൻ എന്ന് മഹർഷിമാർ നിനക്ക് പേരിട്ടത് ശരി തന്നെ" - താപസി ഇങ്ങനെ പ്രതികരിക്കാൻ കാരണമെന്ത്?

15. അഭയം കിട്ടിയ വീട്ടിൽ നിന്ന് തന്നെ വെള്ളി സാമാനങ്ങൾ മോഷ്ടിച്ച ഴാങ് വാൽ ഴാങിന്റെ പ്രവൃത്തിയെ നിങ്ങൾ എങ്ങനെയാണ് വിലയിരുത്തുക.

16. "കവികൾക്ക് ലോകമെമ്പാടും
ഒരു ഭാഷയേയുള്ളൂ
ഇലകൾക്കും തത്തകൾക്കും
ഗൗളികൾക്കുമെന്ന പോലെ " (സച്ചിദാനന്ദൻ)
ഒരു ഭാഷ എന്ന പ്രയോഗത്തിന്റെ ആശയതലം വ്യക്തമാക്കുക

**ബി**

**നാലോ അഞ്ചോ വാക്യത്തിൽ ഉത്തരമെഴുതുക. 3 മാർക്ക്**

17. "ഈശ്വരനല്ല മാന്ത്രി കനല്ല ഞാൻ
പച്ചമണ്ണിൻ മനുഷ്യത്വമാണ് ഞാൻ" (അശ്വമേധം)
ഈ വരികളിലൂടെ വയലാർ വ്യക്തമാക്കുന്ന ദർശനമെന്ത്?

**ഭാഗം IV എ**

**18 മുതൽ 20 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 2x4=8**

18. "യാത്രയുടെയും വേർപാടിന്റെയും ഉറഞ്ഞുകൂടിയ ദുഃഖത്തിന്റെയും കഥയാണ് കടൽത്തീരത്ത്".
ഈ നിരീക്ഷണത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? കഥയിൽ നിന്ന് തെളിവുകൾ കണ്ടെത്തി പ്രതികരിക്കുക

19. "താന്താൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങൾ
താന്താനനു ഭവിച്ചീടുകെന്നേ വരൂ"
ഈ വരികളുടെ ആശയം മിസിസ് തലത്തിന്റെ ജീവിതാവസ്ഥയോട് യോജിക്കുന്നുണ്ടോ? വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക

20. "നമുക്കില്ലാ നാടും നഗരവും കുടയും ചാമരവും
അമിത്രവീരൻമാരെ അമർക്കും വൻപടയും"
പുഷ്കരന്റെ ഈ വാക്കുകൾ കലിയുടെ മനസിലുണ്ടാക്കിയ ചിന്തകൾ എന്തെല്ലാമായിരിക്കും?

**ബി**

**21,22 ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 4 മാർക്ക്**

21. "ഒരു വെൺ ലില്ലിപ്പൂവിൽ
ശോണരേഖകൾ പോലെ
തിരു ശോണിതം വാർന്ന
പാടുകളുടലാകെ" (മൈക്കലാഞ്ജലോ മാപ്പ്)

വരികളിലെ സാദൃശ്യകൽപ്പനയുടെ ഭംഗി കണ്ടെത്തി എഴുതുക

22. "ജീവിതാനുഭവങ്ങൾ എഴുത്തുകാരെ സ്വാധീനിക്കുന്നതിലൂടെയാണ് മഹത്തായ സാഹിത്യം ജനിക്കുന്നത്" - ഞാൻ കഥാകാരനായ കഥ എന്ന ലേഖനത്തെ അടിസ്ഥാനമാക്കി ഈ പ്രസ്താവനയോട് പ്രതികരിക്കുക

**ഭാഗം V**

**23,24 ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 5 മാർക്ക്**

23. "നിങ്ങളുടെ വരാൻ പോകുന്ന ഭാര്യയോട് പറയൂ , കുട്ടികളെ ബോർഡിങ്ങുകളിൽ അയയ്ക്കരുതെന്ന് . അവർക്ക് ആയയെ വെക്കരുത്. അമ്മതന്നെ വളർത്തണം"
മാഡം തലത്തിനെ ഈ തിരിച്ചറിവിലേക്കെത്തിച്ച ജീവിത സാഹചര്യങ്ങളെ വിലയിരുത്തി കുറിപ്പ് തയാറാക്കുക

4. "നന്നല്ല ദേഹം നിമിത്തം മഹാമോഹം" (എഴുത്തച്ഛൻ)
ദേഹത്തെക്കുറിച്ചുള്ള അഹങ്കാരം നന്നല്ല എന്ന് എഴുത്തച്ഛൻ സ്ഥാപിക്കുന്നതെങ്ങനെ? പാഠഭാഗത്തെ ആശയങ്ങൾ പരിഗണിച്ച് കുറിപ്പ് തയാറാക്കുക